THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2015 Certified Company under Government of Kerala)
Registered Office: KOTTAYAM-686 004
CIN:U01119KL1962SGC001997
☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com

**GSTIN No: 32AAACT7596H2Z2**

PRO/F-11/ 3729 08.10.2024

**ടെണ്ടർ നോട്ടീസ്**

**റബ്ബറിന്റെയും, മറ്റു ഫലവൃക്ഷ/അലങ്കാര ചെടികളുടെയും നഴ്സറി ഉണ്ടാക്കി പ്രവർത്തങ്ങൾ നടത്തുന്നതിനുള്ള ഇടെൻഡർ/സീൽഡ് ടെൻഡർ**

പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള **കൊടുമൺ, ഓയിൽ പാം** എസ്റ്റേറ്റുകളിൽ റബ്ബറിന്റെയും, മറ്റു ഫലവൃക്ഷ/അലങ്കാര ചെടികളുടെയും നഴ്സറി പുതിയതായി ഉണ്ടാക്കി, 10 വർഷ കാലയളവിലേക്ക് കരാറടിസ്ഥാനത്തിൽ നടത്തുന്നതിനും, പ്രസ്തുത കാലയളവിൽ കോർപ്പറേഷന് ആവശ്യമായ റൂട്ട്ട്രെയിനർ/പോളിബാഗ് റബ്ബർ തൈകൾ റബ്ബർ ബോർഡിന്റെ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് ഉല്പ്പാദിപ്പിക്കുന്നതിനും, അതോടൊപ്പം നഴ്സറിയിൽ ഉണ്ടാക്കുന്ന എല്ലാവിധ തൈകളും, കോർപ്പറേഷന് ആദായ വിഹിതം നൽകിക്കൊണ്ട് പൊതുവിപണിയിൽ വിൽക്കുന്നതിനുമുള്ള ഇ-ടെൻഡർ/സീൽഡ് ടെൻഡർ, വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു.

| ക്രമ . നം. | എസ്റ്റേറ്റ്, ജില്ല | ഡിവിഷൻ | ഏരിയയുടെ വിസ്തീർണം ഹെക്ടറിൽ (ഉദ്ദേശം) | റിമാർക്സ് |
|---|---|---|---|---|
| 1 | കൊടുമൺ, പത്തനംതിട്ട | D | 5 | പോളി ഹൗസിന് സമീപം |
| 2 | ഓയിൽപാം, എറണാകുളം | A | 2 | പ്ലാന്റേഷൻ വാലി ഫാം റിസോർട്ടിന് സമീപം |

**ടെൻഡർ വ്യവസ്ഥകൾ**

1. കരാർ കാലയളവിൽ, കോർപ്പറേഷന്റെ വിവിധ എസ്റ്റേറ്റുകളിലേക്ക് പ്ലാന്റിങ്ങിനു ആവശ്യമായ റബ്ബർ തൈകൾ (റൂട്ട്-ട്രൈനെർ/പോളി ബാഗ്) ഉദ്പാദിപ്പിച്ചുനല്കുന്നതിനും, അതോടൊപ്പം, മറ്റു ഫലവൃക്ഷ/അലങ്കാര ചെടികളും ഉദ്പാദിപ്പിച്, കോർപ്പറേഷന് അംശാദായം നൽകിക്കൊണ്ട് പൊതുവിപണിയിൽ വിൽക്കുന്നതിനുമുള്ള അവകാശം 10 വർഷക്കാലയളവിലേക്ക് നല്കുന്നതിനുള്ളതാണ് ഈ ദർഘാസ്.
2. ഈ കരാർ നടത്തിപ്പിനുള്ള പ്രതിഫലമായി ക്രേതാവിനു ലഭിക്കുന്നത്, കോർപ്പറേഷന് നൽകുന്ന റബ്ബർ തൈകൾക്ക് കോർപ്പറേഷൻ നൽകുന്ന

വിലയും, കോർപ്പറേഷന് ആവശ്യമുള്ളതിലും അധികമായി ഉത്പ്പാദിപ്പിക്കുന്ന റബ്ബർ തൈകളും, ഇതര ഫലവൃക്ഷ/അലങ്കാര ചെടികളും പൊതുവിപണിയിൽ വിപണനം ചെയ്ത് സമ്പാദിക്കുന്നതിൽ നിന്ന് കോർപ്പറേഷന്റെ അംശാദായം കഴിച്ചുള്ള തുകയുമായിരിക്കും.

3. കരാറിന്റെ ആദ്യവർഷം കോർപ്പറേഷന് നൽകുന്ന റബ്ബർ തൈ ഒന്നിന് (റൂട്ട്-ട്രെനെർ തൈകൾക്കും, പോളിബാഗ് തൈകൾക്കും വെവ്വേറെ) കോർപ്പറേഷൻ ക്രേതാവിന് നൽകേണ്ടുന്ന ഏറ്റവും കുറഞ്ഞ തുകയും; റബ്ബർ തൈകളും, ഇതര ഫലവൃക്ഷ/അലങ്കാര ചെടികളും പൊതുവിപണിയിൽ വിൽക്കുമ്പോൾ, അംശാദായമായി കോർപ്പറേഷന് നൽകാൻ തയ്യാറുള്ള ഏറ്റവും കൂടിയ തുകയുമാണ് ദര്ഘാസിൽ രേഖപ്പെടുത്തേണ്ടത്.

4. തുടർന്നുള്ള വർഷങ്ങളിൽ, കോർപ്പറേഷനും, കരാറുകാരനും ചേർന്ന് റബ്ബർ തൈകളുടെ വില നിശ്ചയിക്കുന്നത് മാർക്കറ്റ് വിലയുടെ അടിസ്ഥാനപ്പെടുത്തിയുള്ള പരസ്പര ധാരണയുടെ അടിസ്ഥാനത്തിസ്ഥാനത്തിലായിരിക്കും. ആയതിൻ പ്രകാരം ആവശ്യമുള്ള റബ്ബർ തൈകൾ കരാറുകാരൻ നൽകേണ്ടതുമാകുന്നു. വില നിശ്ചയിക്കപ്പെട്ടു കഴിഞ്ഞാൽ കരാറുകാരൻ കോർപ്പറേഷന് ആവശ്യമുള്ള റബ്ബർ തൈകൾ അതേ വർഷം അതേ വിലയ്ക്ക് തന്നെ നൽകേണ്ടതാണ്. യാതൊരു കാരണവശാലും വില കൂട്ടി ആവശ്യപ്പെടാൻ പാടില്ല.

5. ടെൻഡർ സമർപ്പിക്കുന്നതിന് മുമ്പായി കരാർ പ്രവൃത്തികൾ ചെയ്യേണ്ട സ്ഥലം സന്ദർശിച്ച് സ്ഥലത്തിന്റെ നിലവിലെ അവസ്ഥ, വിസ്തൃതി, ജലലഭ്യത, ഗതാഗതസൗകര്യം എന്നിവ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | എസ്റ്റേറ്റ് | മൊബൈൽ/ ലാൻഡ് നമ്പർ |
|---|---|---|---|
| ശ്രീ.സന്തോഷ് എം. | ജനറൽ മാനേജർ (ഓപ്പറേഷൻസ്) | ഹെഡോഫീസ് | 9496076004, 9447142369<br>0481-2578301-04 |
| ശ്രീ.ജോൺ തോമസ്സ് | മാനേജർ | കൊടുമൺ | 9447279732, 9496076014<br>0473-4246041 |
| ശ്രീ.പി.എം.ഇസ്മയിൽ | മാനേജർ | ഓയിൽ പാം | 04802769091, 9446076738, 8075374005 |
| ശ്രീ. ജി. അരുൺകുമാർ | മാനേജർ | അതിരപ്പള്ളി | 8547099101, 9447269076, 9496076046 |

6. ഇദർഘാസും, ദർഘാസും സമർപ്പിക്കേണ്ട അവസാന തീയതി **29.10.2024** ന് 3.00 PM വരെയാണ്, തുടർന്ന് അന്നേദിവസം **3.30** പി.എം-ന് ഹാജരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ലഭിച്ച ദർഘാസ്സുകൾ അതാത് എസ്റ്റേറ്റ് ഓഫീസിൽവെച്ച് തുറക്കുന്നതാണ്. ഇ-ദർഘാസ്സുകൾ പിസികെ ഹെഡോഫീസിൽവച്ച് തുറക്കുന്നതുമാണ്. തുറക്കുന്ന തീയതി **30.10.2024** -ന് 3.30 പി.എം.ആണ്.

7. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി ആയിട്ടും, കോർപ്പറേഷന് സ്വീകാര്യമായ എണ്ണം ടെൻഡറുകൾ ലഭിക്കാതെ വന്നാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ പ്രസ്തുത ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി നീട്ടിവെക്കുന്നതിനും, അതുവരെ ലഭിച്ച ടെണ്ടറുകൾ പുതിയ തീയതിയിൽ മാത്രം തുറക്കുന്നതിനുമുള്ള അധികാരം മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും . അപ്രകാരം തീയതി നീട്ടുന്ന പക്ഷം, ആദ്യ അവസരത്തിൽ/അവസരങ്ങളിൽ ടെൻഡർ വാഗ്ദാനം നൽകിയവർക്ക് വാഗ്ദാനത്തുകയിൽ മാറ്റം വരുത്താൻ താത്പര്യമുണ്ടെങ്കിൽ, ആദ്യ EMD

ഉപയോഗിച്ചുകൊണ്ടുതന്നെ വീണ്ടും നിശ്ചിത തീയതിക്കകം ടെൻഡർ വാഗ്ദാനം നൽകാവുന്നതാണ്.

8. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇടെണ്ടർ - മുഖാന്തിരവും, അല്ലെങ്കിൽ സീൽഡ് ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.

9. ഇ-ടെണ്ടർ/സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെണ്ടർ ഫോം ഒന്നിന് 118 രൂപയും , നിരതദ്രവ്യം ഓരോ എസ്റ്റേറ്റിനും 5,000/-(അയ്യായിരം) രൂപയുമാണ്.

10. ഇ ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇടെൻഡർ പോർട്ടൽ സന്ദർശിക്കുക.

11. ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെണ്ടർ വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൌൺലോഡ് ചെയ്യേണ്ടതും, വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മത പത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെണ്ടർ കണ്ടീഷനും, ഓരോ എസ്റ്റേറ്റിനും പ്രത്യേകം പ്രത്യേകം നിരതദ്രവ്യമായ തുക 5,000/- രൂപ മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയോ അല്ലെങ്കിൽ ഹെഡ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ (A/c Holder : PCK, Bank : State Bank of India, Branch : Civil Station Branch, Kottayam, Account No. : 00000067241230012, IFSC Code : SBIN0070101) RTGS/ NEFT/ Electronic payments മുഖാന്തിരം അടച്ചതിന്റെ രേഖയുടെ സ്കാൻഡ് കോപ്പിയും, ക്രേതാവിന്റെ തിരിച്ചറിൽ രേഖ, സാധുവായ പാൻകാർഡ് എന്നിവയുടെ കോപ്പിയും, ടെണ്ടർ ഫീസ്സ് (Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ് ലോഡ് ചെയ്യേണ്ടതുമാണ്. D.D./RTGS/ NEFT/ Electronic payments സംബന്ധിച്ച വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന ടെണ്ടർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി-ടെണ്ടർ നിരാകരിക്കുന്നതാണ്. ഒറിജിനൽ D.D. ടെണ്ടർ തുറക്കുന്ന സമയത്തിന് മുൻപായി പിസികെ ഹെഡ് ഓഫീസ്സ് വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

12. സീൽഡ് ടെണ്ടർ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 118-രൂപ ഫീസടച്ച് (നികുതി ഉൾപ്പടെ), ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ തുറക്കുന്ന ദിവസം വൈകിട്ട് 3 മണിക്ക് മുൻപായി വാങ്ങേണ്ടതാണ്. ഓരോ എസ്റ്റേറ്റിനും പ്രത്യേകം പ്രത്യേകം നിരതദ്രവ്യമായ തുക 5,000/- രൂപ അതാത് എസ്റ്റേറ്റ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ മാറത്തക്ക വിധം ഡി ഡി ആയോ, അതുമല്ലെങ്കിൽ RTGS/ NEFT/ Electronic payments മുഖാന്തിരമോ അടച്ചിരിക്കേണ്ടതും, ആയതിന്റെ രേഖ അതാത് എസ്റ്റേറ്റിൽ ടെണ്ടർ സമർപ്പിക്കുന്നതിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. ദർഘാസ്സ് നമ്പർ, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി മുദ്രവച്ച കവറുകൾ ദർഘാസ് വ്യവസ്ഥകളിൽ ഒപ്പ് രേഖപ്പെടുത്തി, തിരിച്ചറിയൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പികളും, ടെണ്ടർ നിരതദ്രവ്യം അടച്ച രേഖയും സഹിതം ടെൻഡർ തുറക്കുന്ന ദിവസം 3.00 pm-ന് മുൻപായി അതാത് എസ്റ്റേറ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

13. ഇ-ദർഘാസിലൂടെയോ, സാധാരണ ദർഘാസിലൂടെയോ ഭാഗീകമായോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
14. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
15. ടെൻഡർ പ്രകാരം ക്രേതാവിനു ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
16. ദർഘാസ് തുറക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ദിവസം എന്തെങ്കിലും കാരണം കൊണ്ട് ആയതു നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തിദിവസം രാവിലെ 10.30-ന് നടത്തുന്നതായിരിക്കും.
17. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമമായിരിക്കും. എന്തെങ്കിലും വ്യവഹാരം ഉണ്ടാകുന്ന പക്ഷം ആയതിന്റെ അധികാര പരിധി കോട്ടയം അധികാരാതിർത്തിയിലുള്ള കോടതികളിൽ മാത്രമായിരിക്കും.
18. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
19. ക്രേതാവ് നിയമപരമായ നികുതികൾ അടക്കാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ, കരാർ സംബന്ധമായ എല്ലാ ജോലികളും ക്രേതാവിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും, ചുമതലയിലും ആയിരിക്കും. എല്ലാ നിയമങ്ങൾക്കും വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, ക്രേതാവിന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ തുടങ്ങിയവ).
20. ടെൻഡർഉറപ്പിച്ചുകിട്ടുന്നയാൾ, അറിയിപ്പ്കിട്ടി, 7 ദിവസത്തിനുള്ളിൽ, 50,000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് (കരുതൽധനം) ആയി കെട്ടിവയ്ക്കേണ്ടതും, 200 രൂപയുടെ കേരള സർക്കാർ മുദ്രപത്രത്തിൽ കരാർ വ്യവസ്ഥകൾ അംഗീകരിച്ച് കൊണ്ട് കരാർ ഉടമ്പടി വയ്ക്കേണ്ടതാണ്.
21. കോർപ്പറേഷന് ആവശ്യമുള്ള റബ്ബർ തൈകളുടെ എണ്ണം ആറ് മാസം മുൻപേ അറിയിക്കുന്നതാണ്. റബ്ബർ തൈകൾ അതാത് വർഷം മെയ്15 തീയതിക്കകം കരാർ പ്രകാരമുള്ള നിരക്കിൽ കോർപ്പറേഷനു നല്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കോർപ്പറേഷൻ നിർദ്ദേശിക്കുന്ന റബ്ബർ ബോർഡ് മാനദണ്ഡമനുസരിച്ച് ഗുണമേൻമയുള്ള ഇനം റബ്ബർ തൈകൾ അതേ നിരക്കിൽ തന്നെ മറ്റേതെങ്കിലും നേഴ്സറിയിൽ നിന്നും വാങ്ങി നല്കേണ്ടതാകുന്നു. അവ കരാറുകാരൻ സ്വന്തംചെലവിൽ വാങ്ങി അതാത് എസ്റ്റേറ്റിലെ നഴ്സറിയിൽ ജൂൺ ഒന്നാം തീയതിക്ക്മുൻപായി എത്തിച്ച്നൽകേണ്ടതാകുന്നു. ആയതിന് വീഴ്ച വരുത്തിയാൽ കരാർ ഉടമ്പടി റദ്ദ് ചെയ്യുന്നതും സെക്ക്യൂരിറ്റി തുക കണ്ട് കെട്ടുന്നതും തുടർന്ന് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ തൈകൾ വാങ്ങുന്നതിന് കോർപ്പറേഷന് അവകാശമുള്ളതും തന്മൂലമുണ്ടാകാവുന്ന ചെലവുകളും നഷ്ടവും ടിയാനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.
22. കരാർ പ്രകാരം കോർപ്പറേഷൻ ക്രേതാവിനു നൽകാനുള്ളതോ, ക്രേതാവ് കോപർപ്പറേഷന് നൽകാനുള്ളതോ ആയ തുക നൽകാനുള്ള ഷെഡ്യൂൾ, കരാർ ഉറപ്പിക്കാനായി തെരെഞ്ഞെടുക്കപ്പെട്ട വ്യക്തിയുമായി/സ്ഥാപനവുമായി കൂടിയാലോചന നടത്തി തീരുമാനിക്കുന്നതായിരിക്കും.

23. കരാർ പ്രകാരമുള്ള തുക വിതരണം ചെയ്യുന്നതിന് മുമ്പായി മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന കമ്മറ്റി പരിശോധിച്ച് തൈകളുടെ വളർച്ച, എണ്ണം, പരിപാലനം എന്നിവ തൃപ്തികരമാണെന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമായിരിക്കും തുക വിതരണം ചെയ്യുന്നത്.
24. തൈകൾ കോർപ്പറേഷനെ എണ്ണി ഏല്പിച്ചാലും, പ്രസ്തുത തൈകൾ നഴ്സറിയിൽ നിന്നു കോർപ്പറേഷൻ കൊണ്ട് പോകുന്നത് വരെ അവയുടെ പൂർണ്ണമായ സംരക്ഷണ ചുമതല കരാറുകാരനായിരിക്കും. പ്രസ്തുത തൈകൾക്ക് ഏതു കാരണങ്ങൾ കൊണ്ടും നാശമുണ്ടായാലും, നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.
25. നഴ്സറിയിൽ നിന്നും റബ്ബർ തൈകൾ കോർപ്പറേഷനിലെ ആവശ്യത്തിനായി കൊണ്ടുപോകുന്നതിനായി വാഹനത്തിൽ കയറ്റിനൽകേണ്ട ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.
26. ഈ ടെണ്ടറുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും സമയ ബന്ധിതമായും നടപ്പിലാക്കുന്നതിന്റെ ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഇതിന്റെ സാമ്പത്തികപരമായോ മറ്റേതെങ്കിലും തരത്തിലുള്ള ബാധ്യതയ്ക്കോ കോർപ്പറേഷനോ ജീവനക്കാരോ ഉത്തരവാദിയായിരിക്കുന്നതല്ല.
27. ഉല്പ്പാദിപ്പിക്കപ്പെടുന്ന തൈകളുടെ ഗുണമേന്മയും ഇനവും ഉറപ്പ് വരുത്തുന്നത് കരാറുകാരൻ ബാധ്യസ്ഥമായിരിക്കുന്നതും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് കോർപ്പറേഷന്റെ ഉത്തരവാദിത്വവും ആയിരിക്കും.
28. നേഴ്സറിയുടെ നിർമ്മാണം, സംരക്ഷണം, കാർഷിക നിർവ്വഹണം എന്നിവ കരാറുകാരന്റെ പൂർണ്ണമായ ഉത്തരവാദിത്വമായിരിക്കുന്നതാണ്.
29. കരാറുകാരൻ യാതൊരു കാരണവശാലും സ്ഥിരസ്വഭാവമുള്ള നിർമ്മാണപ്രവർത്തനങ്ങൾ യാതൊന്നും തോട്ടത്തിനുള്ളിൽ നടത്താൻപാടുള്ളതല്ല.
30. കരാർകാലാവധി അവസാനിക്കുമ്പോൾ ബാക്കിയാവുന്ന തൈകൾ, കരാർ പ്രകാരമുള്ള നിശ്ചിത അംശാദായം കോർപ്പറേഷനിൽ അടച്ച ശേഷം കൊണ്ട് പോകാൻ അനുവദിക്കുന്നതാണ്.
31. കരാർ തൃപ്തികരമായി പൂർത്തിയാക്കി ഒരു മാസത്തിനകം കരാറുകാരൻ അടച്ചിട്ടുള്ള കരുതൽധനം പലിശരഹിതമായി മടക്കിനൽകുന്നതായിരിക്കും.
32. കരാർ പ്രവൃത്തികളുടെ നടത്തിപ്പ് മൂലം എസ്റ്റേറ്റിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് യാതൊരു തടസ്സവും ഉണ്ടാകാൻ പാടില്ല.
33. കരാർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുന്ന ദർഘാസ്സ് സമർപ്പിച്ച വ്യക്തി / സ്ഥാപനം, ടെണ്ടറിന്മേൽ അന്തിമതീരുമാനമെടുക്കുന്നതുവരെ സ്വമേധയാ ടെണ്ടറിൽ നിന്ന് പിന്മാറാൻ പാടുള്ളതല്ല. അഥവാ പ്രസ്തുത വ്യക്തി / സ്ഥാപനം അപ്രകാരം ചെയ്താൽ, അടച്ചിട്ടുള്ള നിരതദ്രവ്യം കോർപ്പറഷൻ മുതൽ കൂട്ടുവാനും കരാറുകാരനെതിരെ യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനും കോർപ്പറേഷന് അധികാരമുള്ളതാകുന്നു.
34. കരാർപ്രകാരം ഉത്പ്പാദിപ്പിക്കുന്ന തൈകൾ പൊതുജനങ്ങൾക്ക് വിൽപ്പന നടത്തുമ്പോൾ തൈകൾ കൊണ്ട്പോകുന്ന ദിവസംതന്നെ തൈകളുടെ എണ്ണം കോർപ്പറേഷൻ ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തേണ്ടതും, കരാർപ്രകാരമുള്ള ആദായവിഹിതം അതാത് എസ്റ്റേറ്റ് ഓഫീസിൽ അടയ്ക്കേണ്ടതും ടി ഓഫീസിൽ നിന്ന് പാസ്സ് വാങ്ങി മാത്രം തൈകൾ പുറത്തേക്ക് കൊണ്ട് പോകാവുന്നതാണ്.
35. റബ്ബർതൈകൾ ഉണ്ടാക്കാനാവശ്യമായ ബഡ് വുഡ് കോർപ്പറേഷന്റെ ബഡ് വുഡ് നഴ്സറികളിൽ നിന്നും സൗജന്യമായി ശേഖരിക്കാവുന്നതാണ്. അധികമായി ബഡ്വുഡ് ആവശ്യമെങ്കിൽ കോർപ്പറേഷൻ നിർദ്ദേശിക്കുന്ന റബ്ബർബോർഡ്

അംഗീകൃത നഴ്സറികളിൽനിന്ന്, കോർപ്പറേഷൻ നിർദ്ദേശിക്കുന്ന ഇനം റബ്ബറിന്റെ ബഡ് വുഡ് കരാറുകാരന്റെ ചെലവിലും ഉത്തരവാദിത്വത്തിലും എടുക്കേണ്ടതാണ്.

**36.** കരാർ കാലയളവിൽ, കോർപ്പ്പേറഷന്റെ പേരോ, സൂചകങ്ങളോ ഉപയോഗിക്കുന്നതിന് ക്രേതാവിനു അവകാശമുണ്ടായിരിക്കുന്നതല്ല.

**37.** ക്രേതാവ് ഉദ്പാദിപ്പിച്ച് വിൽക്കുന്ന ചെടികളുടെ ഗുണമേന്മയിലും, നിലവാരത്തിലും കോർപ്പറേഷന് യാതൊരുവിധ ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.

**38.** റബ്ബർ തൈകൾ ഉദ്പാദിപ്പിക്കുന്ന അവസരങ്ങളിൽ, ഏതു സമയത്തും പ്രസ്തുത പ്രവർത്തികൾ വീക്ഷിക്കാനും, വേണ്ട നിർദ്ദേശങ്ങൾ നൽകാനും എസ്റ്റേറ്റ് മാനേജർക്കോ, അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥർക്കോ അവകാശമുണ്ടായിരിക്കുന്നതാണ്. റബ്ബർ തൈകൾ ഉദ്പാദിപ്പിക്കുന്നതിൽ കോർപ്പറേഷന് നൽകുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**39.** കോൺട്രാക്ടറുടെ പക്കൽ നിന്ന് വ്യവസ്ഥപ്രകാരമുള്ള വില നൽകി കോർപ്പറേഷൻ വാങ്ങി നട്ട റബ്ബർ തൈകൾ, അടുത്ത 2 വർഷ പരിപാലനക്കാലയളവിൽ തൈയുടെ ആന്തരീകന്യൂനതകൊണ്ട് 20 ശതമാനത്തിലധികം നഷ്ടപ്പെടാൻ പാടില്ലാത്തതാകുന്നു. ഇതിനു വിപരീതമായി 20 ശതമാനത്തിലധികം നഷ്ടപ്പെട്ടതായി കണ്ടാൽ, നഷ്ടപെട്ട അത്രയും എണ്ണം തൈകൾ, കോൺട്രാക്ടർ സൗജന്യമായി കോർപ്പറേഷന് നൽകാൻ ബാദ്ധ്യസ്ഥനാകുന്നു.

**40.** അധികമായി ഉൽപ്പാദിപ്പിച്ച് പുറത്തു വിൽക്കുന്ന തൈകൾക്ക് അംശാദായമായി കോർപ്പറേഷനിലേക്ക് അടയ്ക്കേണ്ട തുക അടയ്ക്കുന്നതിൽ യഥാസമയം കരാറുകാരൻ വീഴ്ച വരുത്തുന്നപക്ഷം അടക്കേണ്ട തുകയും, ടിയ്ക്ക് ആഴ്ച ഒന്നിന് ½ ശതമാനം പിഴപ്പലിശയും സഹിതം അടച്ചു തീർക്കുന്നതിന് പരമാവധി 15 ദിവസം കൂടി അനുമതി നൽകുന്നതാണ്. തുടർന്നും ടി-തുക അടക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം കരാറുകാരൻ കോർപ്പറേഷനിൽ അടച്ചിട്ടുള്ള സകലവിധ തുകയും കണ്ടുകെട്ടി മുതൽ കൂട്ടുന്നതും, ക്രേതാവുമായുള്ള കരാർ റദ്ദു ചെയ്യുന്നതുമായിരിക്കും.

Sd/-

മാനേജിങ്ഡയറക്ടർ

<u>പ്രഖ്യാപനം</u>: **ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു**.

| | | |
|---|---|---|
| 1a. | ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) | |
| b. | ടിയാന്റെ വയസ്സ് | |
| c. | ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ | |
| d | മൊബൈൽ നമ്പർ | |
| e. | അച്ഛന്റെ പേര് | |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം:
തീയതി: